ണ്ട്". ഇങ്ങിനെയുള്ള പ്രദേശങ്ങളിലെ കൃഷികളെല്ലാം തന്നെ, പ്രത്യേകിച്ച് നെൽകൃഷി ഇതുകൊണ്ടു നാശമോശപ്പെട്ട പോകുന്നുണ്ട്. മേലാൽ അങ്ങിനെയുള്ള സംഗതികളിൽ ശ്രദ്ധ വെച്ചുകൊള്ളാമെന്നു ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഉറപ്പു നൽകുന്നതുകൊണ്ട് ഞാൻ ഈ പ്രമേയം പ്രസ്സ് ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഈ കാര്യത്തിൽ ഉടനടി ഗവൺമെണ്ട് വേണ്ട നടപടികൾ നടത്തുമെന്നുള്ള ഉറപ്പു തരുന്നുണ്ടെങ്കിൽ ഈ പ്രമേയം പിൻവലിക്കാൻ എനിക്കു യാതൊരു വിരോധവുമില്ല. ഏതു തരത്തിലായാലും ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ ഉറപ്പിനെ ആശ്വാസ്യമായ ഒന്നായി വിശ്വസിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

RESOLUTION No. 7

Need for the Conversion of Depressed class co-operative credit sccieties into Agricultural and Commercial Societies.

മിസ്റ്റർ കെ. കെ. കണ്ണൻ: "അധഃകൃതനാണയ പരസ്പരസഹായ സംഘങ്ങളെ കഴിവുള്ളിടത്തോളം കാർഷികമോ, വ്യവസായികമോ ആയ പരസ്പരസഹായ സംഘങ്ങളായി രൂപാന്തരപ്പെടുത്തുവാനും ടി സംഘങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ നിശ്ചിതകാലാവധിക്കുള്ളിൽ തിരിയെ പല തവണകളായി അടച്ചു തീർക്കത്തക്ക വ്യവസ്ഥകളോടുകൂടി സംഘങ്ങൾക്കു ദീർഘകാലകടം വായ്പകൾ അനുവദിച്ചുകൊടുപ്പാനും ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു." സർ, ഈ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിനു പ്രധാനമായി രണ്ടു മൂന്നുകാരണങ്ങളുണ്ട്. അധഃകൃത പരസ്പരസംഘങ്ങൾ അധഃകൃതരുടെയിടയിൽ സ്ഥാപിച്ചു നടത്തുവാൻ തുടങ്ങിയിട്ടു എത്രയോ വർഷങ്ങൾ കൊള്ളത്തോളമായിട്ടുണ്ട്. ഈ കാലങ്ങൾക്കുള്ളിൽ ഈ പ്രസ്ഥാനം അധഃകൃതരുടെയിടയിൽ പുരോഗതി പ്രാപിച്ചുവരുന്നതായിട്ടല്ല അധഃപതിച്ചുവരുന്നതായിട്ടാണനുഭവം കൊണ്ടുകാണുന്നതു്. ഇതിന്റെ പ്രധാനകാരണങ്ങൾ എന്തെല്ലാമാണെന്നു് ഈ സഭയുടെയും ഗവൺമെണ്ടിന്റേയും ശ്രദ്ധയിൽപെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നു വിചാരിച്ചാണു് ഇതു് ഇവിടെ അവതരിപ്പിക്കുന്നതു്. ഒന്നാമതായി ഈ സംഘത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി മുഴുവൻ സമയവും ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലെന്നുള്ളതാണു് ഇതിന്റെ അധഃപതനത്തിനു ഒരു കാരണം. അധഃകൃതരിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള വ്യക്തികൾ പലരുമുണ്ടെങ്കിലും ത്യാഗമനുഭവിക്കുന്ന സന്മനസ്സോടുകൂടി ഓരോ സംഘങ്ങളേയും പ്രവൃത്തി പദ്ധതിയിൽ കൊണ്ടുവരുന്നതിനു് ത്യാഗസന്നദ്ധരായിട്ടുള്ള യുവാക്കന്മാർ വളരെ കുറവായിട്ടാണു കാണുന്നതു്. ഇതിനു് അവരേയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. മുഴുവൻ സമയവും വേലചെയ്യുന്ന സിക്രട്ടറിമാർ പരസ്പരസഹായ സംഘങ്ങളിൽ ഉണ്ടെങ്കിലല്ലാതെ ഈ സംഘങ്ങൾ പുരോഗമിക്കുകയില്ല എന്നുള്ളതാണു്; അല്ലെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കയില്ല എന്നുള്ളതാണു പരമാർത്ഥം. അതല്ലാതെ ത്യാഗമനുഭവിക്കുവാൻ മനസ്സില്ലാത്തതുകൊണ്ടുള്ള മാറ്റമാണെന്നു വിശ്വസിക്കാൻ നിവൃത്തിമില്ല. അതുപോലെ മറ്റൊന്നു് ഈ സംഘങ്ങൾക്കുവേണ്ടി യാതൊരു പ്രതിഫലവും കൂടാതെ മുഴുവൻ സമയവും ജോലിചെയ്യാനുള്ള ആളുകൾ ഇന്നു കാണുകയില്ല എന്നുള്ളതാണു്.

അധഃകൃതപരസ്പരസഹായ സംഘങ്ങളെല്ലാം തന്നെ—മിക്കതും—നാണയ പരസ്പരസഹായ സംഘങ്ങളാണു്. രണ്ടു മൂന്നു വ്യവസായ സംഘങ്ങൾമാത്രമാണു് ഇന്നു് അധഃകൃതരുടെയിടയിൽ പ്രവർത്തനം നടത്തുന്നതു്. ബാക്കിയുള്ളവ അംഗങ്ങൾ തമ്മിൽ തമ്മിൽ ജാമ്യം നിന്നു് പണം കടമെടുക്കുന്ന വ്യാപാരം മാത്രമാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. പണം കടമെടുത്തു കഴിഞ്ഞാൽ അതു് ഗഡുവനുസരിച്ചു് അടച്ചു തീർക്കുന്നതിനു സാധിക്കാത്ത പരിതസ്ഥിതിയാണു് ഇന്നു് അധഃകൃതർക്കുണ്ടായിരിക്കുന്നതു്. ഈ പരിതസ്ഥിതി വളരെ മൂർദ്ധന്യത്തിലെത്തിയിരിക്കുകയാണു്. ഇന്നത്തെനിലവെച്ചു നോക്കുകയാണെങ്കിൽ സ്റ്റാന്റേർഡ് ഓഫ് ലിവിംഗ് ഉയർന്നുനില്ക്കുന്നുണ്ടെങ്കിലും രണ്ടു മൂന്നുകൊല്ലം മുമ്പു് കടുത്ത ദാരിദ്ര്യവും പട്ടിണിയുമാണു് നാടൊട്ടാ

Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

കെയുണ്ടായിട്ടുള്ളതു്. ആ സന്ദർഭങ്ങളിലെല്ലാം അധഃകൃതപരസ്പരസഹായ സംഘങ്ങളിലെ അംഗങ്ങൾ പണം കടമെടുത്തിട്ടുള്ളതു് തിരിയെ അടച്ചുതീർക്കുന്നതിനു് സാധിക്കാതെപോയി. ആ കാലങ്ങളിൽ കടം വീട്ടുവാനല്ല പ്രധാനമായി ആളുകൾ ചിന്തിക്കാറുള്ളതു്. വയറുപൊരിച്ചൽ തീർക്കുവാനാണു്. ഇങ്ങനെ നാണയപരസ്പരസഹായ സംഘങ്ങളിൽനിന്നു് കടം വാങ്ങി ഒരംഗമെടുക്കുകയാണെങ്കിൽ അതു് അടച്ചുതീർക്കാൻ സാധിക്കാതെ വരുന്ന ഒരു നിലയാണു് നാം കാണുന്നതു്. വെറും നാണയപരസ്പരസഹായ സംഘങ്ങളായി പ്രവൃത്തിച്ചുപോരുന്നതു കൊണ്ടു് വ്യവസായം നടത്തുന്നതിനോ, കൃഷിനടത്തുന്നതിനോ ഉള്ള യാതൊരു വിധ ആനുകൂല്യങ്ങളും സാഹചര്യങ്ങളുമുണ്ടായിട്ടില്ല. ഗവൺമെണ്ടിൽനിന്നു് പറയത്തക്ക പ്രോത്സാഹനം അധഃകൃതസംഘങ്ങൾക്കു ചെയ്തുകൊടുത്തിട്ടില്ല. അതുകൊണ്ടാണു് പല സംഘങ്ങളും അധഃപതിക്കാനും തന്മൂലം ലിക്വിഡേറ്റു ചെയ്യാനും ഇടയായിട്ടുള്ളതു്. അതുകൊണ്ടു് പണമിടപാടു സംഘങ്ങളായി അധഃകൃത പരസ്പരസഹായ സംഘങ്ങളെ നിലനിർത്തിക്കൊണ്ടുവരാൻ സാദ്ധ്യമല്ലയെന്നു ഇതിൽ നിന്നൊക്കെ വ്യക്തമാണു്. അതുകൊണ്ടു് തൊഴിൽ പരമായ സംഘങ്ങളായി രൂപാന്തരപ്പെടുത്തുകയാണു് ഏറ്റവും പ്രായോഗികമായ പദ്ധതിയെന്നു് ഞാൻ ബലമായി വിശ്വസിക്കുന്നു. അധഃകൃത പരസ്പരസഹായ സംഘങ്ങൾ മാത്രമല്ല, വാസ്തവത്തിൽ സഹകരണപ്രസ്ഥാനം എല്ലാംതന്നെ സാമ്പത്തികാടിസ്ഥാനത്തിലാണു് ഉത്ഭവിക്കുന്നതും വളർന്നുവരുന്നതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതും. ഈ നിലവെച്ചു നോക്കുകയാണെങ്കിൽ ശരിയായ സൃഷ്ടിപരമായ പദ്ധതിമൂലം മാത്രമേ ഈ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. സൃഷ്ടിപരമെന്നു ഞാനുദ്ദേശിക്കേണ്ടതു്, അധഃകൃതരുടെയിടയിൽ ഇന്നുള്ള പരസ്പരസഹായ സംഘങ്ങൾ ഒന്നുകിൽ വ്യവസായ സംഘങ്ങളായി രൂപാന്തരപ്പെടുത്തുക, കൃഷിക്കുസാദ്ധ്യതകളുള്ള പ്രദേശങ്ങളിൽ ഉള്ളവർ കർഷക സംഘങ്ങളായി രൂപാന്തരപ്പെടുത്തുകയെന്നുള്ളതാണു്. മാത്രമല്ല, ഗവൺമെണ്ടിൽനിന്നു് കായ്മായ പ്രോത്സാഹനം കൂടി ചെയ്തുകൊടുക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ഇങ്ങനെ ധനപരമായ സഹായങ്ങൾ ഈ സംഘങ്ങൾക്കു ചെയ്തുകൊടുക്കുകയാണെങ്കിൽ ഇവ അടുത്ത കാലത്തു് അഭിവൃദ്ധിപ്പെടുമെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. അതിനു തല്ക്കാലം ഗവൺമെണ്ടിൽനിന്നു് കടംവാങ്ങി അനുവദിച്ചുകൊടുക്കണമെന്നുള്ളതാണു് ഞാൻ നിർദ്ദേശിക്കുന്ന പ്രായോഗികമായമാർഗ്ഗം. ഇതിനു ഗവർമ്മെണ്ടിനു പ്രയാസമുണ്ടെന്നു് എനിക്കു തോന്നില്ല. പലതവണകളായി ഗവൺമെണ്ടിലേക്കു തിരിയെ അടച്ചുതീർത്തക്കവിധത്തിൽ ഈ സംഘങ്ങൾക്കു കടം വാങ്ങി അനുവദിച്ചു കൊടുക്കുകയാണെങ്കിൽ അടുത്തകാലത്തുതന്നെ അധഃകൃതരുടെയിടയിൽ വ്യവസായികാഭിരുചി വളർത്തുന്നതിനും, വ്യവസായങ്ങൾ വളർത്തുന്നതിനും മറ്റും സാധിക്കും. അതുകൊണ്ടു് ഈ പ്രമേയം സഭയുടെ അവഗാഢമായ ശ്രദ്ധക്കു വേണ്ടി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : ഞാൻ ഇതിനെ സെക്കൻറു ചെയ്യുന്നു.

*മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : സർ, അനുദ്യോഗസ്ഥദിനമായ ഇന്നു് ഒരു പ്രധാന വിഷയത്തെപ്പറ്റി ഒരു ബിൽ ഉണ്ടായിരുന്നതു് അതിന്റെ അവതാരകൻ എന്തോ കാരണവശാൽ, ഇപ്പോൾ അവതരിപ്പിക്കുന്നില്ല, നീട്ടിവെക്കുന്നു എന്നു പറഞ്ഞപ്പോൾ വല്ലാതെ

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിടിഞ്ഞ് വിഷമിച്ചുകൊണ്ടിരുന്ന ഞാൻ. പക്ഷെ ഏറെവും പ്രാധാന്യപ്പെട്ട ഒരു പ്രമേയം എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കണ്ണൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ട് ആ ഇച്ഛാഭംഗത്തിനു് കുറെ കുറവുണ്ടായിട്ടുണ്ടു്. അദ്ദേഹം ഇവിടെ ആവശ്യപ്പെട്ടതു് അധഃകൃതനാണായ പരസ്പരസഹായ സംഘങ്ങളെ കഴിവുള്ളിടത്തോളം കാഷ്ികമൊ വ്യാവസായികമൊ ആയ പരസ്പരസഹായ സംഘങ്ങളായി രൂപാന്തരപ്പെടുത്തുവാനും ടി സംഘങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ നിശ്ചിത കാലാവധിക്കുള്ളിൽ തിരിയെ പലതവണകളായി അടച്ചു തീർക്കത്തക്ക വ്യവസ്ഥകളോടുകൂടി ടി സംഘങ്ങൾക്കു ദീർഘകാലകടംവാങ്ങുകയും അനുവദിച്ചുകൊടുപ്പാനും ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു എന്നാണു്. ഈ പ്രമേയം കുറേക്കാലം മുമ്പെ അയച്ചുകിട്ടിയതാണു് എന്നു സമ്മതിക്കാതെ കഴിയില്ല. ഇതു കിട്ടിയതിനുശേഷം, മുമ്പതലാബോധമുള്ള ഗവൺമെണ്ടു് കൊച്ചിരാജ്യത്തുണ്ടു് എന്നുവരുകിൽ ഈ പ്രമേയം ഇന്നിവിടെ അവതരിപ്പിക്കാൻ ഇടകൊടുക്കാത്തതരത്തിൽ ഈ കാര്യം നിർവ്വഹിക്കപ്പെടുമായിരുന്നു എന്നുള്ള നിലയാണു് ഞാൻ കൈക്കൊള്ളുന്നതു്. ഇങ്ങിനെയുള്ള സംഗതികൾ ജനങ്ങൾക്കുവേണ്ടി ജീവിക്കുന്നു എന്നഭിമാനിക്കുന്ന ഏതൊരു ഗവൺമെണ്ടും തീച്ചയായും സ്വീകരിക്കേണ്ടതാണു്. ഈ പ്രമേയത്തിൽ പറയുന്നതു് അധഃകൃതനാണായ പരസ്പരസഹായസംഘങ്ങളെ വ്യവസായസംഘങ്ങളായും, കാഷ്ികസംഘങ്ങളായും രൂപാന്തരപ്പെടുത്തണമെന്നാണു്. എന്നാൽ ഞാൻ പറയുന്നതു്, ഗവൺമെണ്ടിന്റെ മേൽനോട്ടത്തിലുള്ള കൊച്ചീരാജ്യത്തെ സകല പരസ്പരസഹായസംഘങ്ങളും വിവിധോദ്ദേശ പരസ്പരസഹായ സംഘങ്ങളായി മാറണമെന്നാണു്. പരസ്പരസഹായസംഘങ്ങളെ വേണ്ടപോലെ നിയന്ത്രിക്കാനുള്ള കഴിവില്ലായ്കകൊണ്ടൊ, മനസ്സില്ലായ്കകൊണ്ടൊ, ഉദ്യോഗസ്ഥന്മാരെ വേണ്ടതരത്തിൽ നിയന്ത്രിക്കുവാനും, ഉപദേശം കൊടുക്കുവാനും, തയ്യാറാകാത്തതുകൊണ്ടൊ ആയിരിക്കാം കൊ-ഓപ്പറേറീവ് സൊസൈറികൾ ഇന്നു് "കോപ്രാട്ടി" സൊസൈറികളായി രൂപാന്തരപ്പെട്ടിരിക്കുകയാണു്. ഇന്നത്തെ സമ്പ്രദായത്തിൽ അതു് കോപ്രാട്ടി തന്നെയാണു്. ഇതിനുള്ള പ്രധാന കാരണം, ഈ സ്ഥാപനങ്ങൾ മനസ്സൊ, രണ്ടൊ കഴിച്ചു് ബാക്കിയുള്ളതു് നാണയപരസ്പരസഹായസംഘങ്ങളായതുകൊണ്ടാണു്. നാണയസംഘങ്ങൾ രൂപീകരിക്കാൻ വളരെ എളുപ്പമാണു്. തെറ്റായ ചില സംഗതികൾ, വിദ്യാസമ്പന്നരല്ലാത്ത നാട്ടുകാരുടെയിടയിൽ ഇതു് കൊടുക്കും. ഇതിൽ നാലണ അടച്ചു് ഒരംഗമായിചേർന്നാൽ, ഒരാളെ കൂട്ടായി കൊണ്ടുവന്നാൽ, നിങ്ങൾക്കാവശ്യമായ പണം കിട്ടും. അതാണു് ഈ സ്ഥാപനംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് എന്നാണു് ചിലർ ധരിച്ചിട്ടുള്ളതു്. പരസ്പരസഹായസംഘത്തിന്റെ യഥാർത്ഥ തത്വങ്ങൾ ജനങ്ങളുടെ ഇടയിൽ പറഞ്ഞുകൊടുത്തു്, അതിന്റെ പ്രവർത്തനരീതിയെ മാറ്റി, യോഗ്യമായ നിലയിൽ പരസ്പരസഹായസംഘങ്ങൾ ഉണ്ടാക്കുന്നതിനു് ഇന്നത്തെ ഗവൺമെണ്ടു് എന്തു ചെയ്യണം എന്നാണു് ഞാൻ ചോദിക്കുന്നതു്. കഴിഞ്ഞകമാസത്തിൽ കൂടിയ ബഡ്ജറ്റസമ്മേളനത്തിൽ, ഓരോ താലൂക്കിലും ഈ വിഷയത്തെപ്പറ്റി പ്രചരണം നടത്തുന്നതിനു് ഓരോ ഉദ്യോഗസ്ഥനെ നിയമിക്കുവാനുള്ള സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ അതിനുവേണ്ടിയുള്ള ഓർഗനൈസർമാരെ നിയമിക്കാൻതന്നെ വളരെ കാലതാമസം വേണ്ടിവന്നു: മകരമാസത്തിൽ ആണു് അവരെ നിയമിച്ചതു്. അതിനുശേഷം എന്റെ ദൃഷ്ടി എത്തുന്നിടത്തോളം അവരുടെ പ്രവർത്തനങ്ങളെപ്പറ്റി അവരറിയാതെ ഞാൻ അന്വേഷണം നടത്തി. അതിന്റെ ഫലമായി എനിക്കു തോന്നുന്നതു് അവരുടെ ഇപ്പോഴത്തെ പ്രവർത്തനരീതി തുടരാതെ ഉടനടി അതു് നിർത്തൽ ചെയ്യണമെന്നാണു്. ഈവക ഓർഗനൈസർമാരായി നിയമിക്കപ്പെട്ടവരുടെ ആളുകൾ യഥാർത്ഥത്തിൽ ഓർഗനൈസർമാരാകാൻ ശക്തിയുള്ളവരും, പ്രവർത്തനസാമർത്ഥ്യമുള്ളവരും ആയിരിക്കണം. അങ്ങിനെയല്ലാത്ത ചില ആളുകൾക്കു്, ഏതെങ്കിലും തരത്തിൽ ജോലിയെടുത്തു ശമ്പളം വാങ്ങിക്കണം എന്നു വിചാരിക്കുന്ന ആളുകൾക്കു് ഈ അധികാരം കൊടുക്കുന്നതുകൊണ്ടു് യാതൊരു കാര്യവുമില്ല. ഓർഗനൈസർമാർ ചെയ്യേണ്ട പ്രവർത്തിയെന്താണെന്നു് ആലോചിച്ചു് പ്രവർത്തിക്കുവാൻ സന്നദ്ധരായവരെയാണു് അതിനു നിശ്ചയിക്കേണ്ടതു്. അതിനു പറ്റിയ ആളുകളെ കണ്ടുപിടിക്കുവാനുള്ള ബുദ്ധി ഇന്നത്തെ ഗവൺമെണ്ടിനുണ്ടായില്ല. അഥവാ അതിനു് ഒരുക്കമില്ലെങ്കിൽ നിയമിതരായ ആളുകൾ ഇന്നയിന്ന പ്രവർത്തികളാണു് ചെയ്യേണ്ടതു് എന്നുള്ള ഉപദേശം കൊടുക്കാനുള്ള ചുണയൊ, യോഗ്യതയൊ ഉണ്ടായിരിക്കേണ്ടതായിരുന്നു. ഇന്നത്തെ ഗവൺമെണ്ടിനു് അതുമില്ലെന്നു് ഉച്ചൈസ്വരം ഇവിടെ പറയാൻ ഞാൻ മടിക്കുന്നില്ല. ഞാൻ കണ്ടറിഞ്ഞ സംഗതികളെ വെച്ചുകൊണ്ടാണു് ഇതു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ണ്ട്. ഞാൻ ഈ പറയുന്നത്, കൊച്ചിയിൽ ക, ൦ ൦ ൦ രൂപാ കിട്ടുന്ന ആൾക്ക് ക,൨൦൦ ആക്കിയതിനേയൊ, വ൦൦ രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥനു് ക, ൦ ൦ ൦ രൂപാ ആക്കിയതിനേയൊ, അവന്മാറിക്കാരെ എണ്ണാറിക്കാരാക്കിയതിനേയൊ ഉദ്ദേശിച്ചല്ല; അല്ലെങ്കിൽ ഗവമ്മെണ്ടിന്റെ സഹായത്തോടുകൂടി വ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ചില വ്യക്തികളേയൊ, സ്ഥാപനങ്ങളേയൊ ഉദ്ദേശിച്ചല്ല. കൊച്ചിയുടെ നട്ടെല്ലായ നാട്ടുപുറങ്ങളിൽ കിടന്നു ചോര നീരാക്കി പ്രവർത്തിയെടുക്കുന്ന സാധു കൃഷീവലന്മാരുടെ മേന്മയെ നിങ്ങൾ ലവലേശം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതു് പ്രസംഗംകൊണ്ടല്ല, പ്രവർത്തിയിൽ കാണിക്കണം, അവരെപ്പറ്റി അല്പമെങ്കിലും കനിവുണ്ടെങ്കിൽ പരസ്പരസഹായസംഘം എന്നുള്ള പ്രസ്ഥാനത്തെപ്പറ്റി ശരിയാംവണ്ണം തൽസ്ഥാനത്തിരിക്കുന്ന ആളുകൾ ഗ്രഹിച്ചു്, കൊച്ചിയിലെ സകല ആളുകളേയും പരസ്പരസഹായപ്രവർത്തകന്മാരായി മാറ്റം ചെയ്യേണ്ടിരിക്കുന്നു. അതുവഴിയാണു്, സാധുജനങ്ങളുടെ മേന്മ കരഗതമാകുന്നതു്. അതിനുവേണ്ടിയാണു് നിങ്ങൾ പ്രവർത്തിക്കേണ്ടതു്. അതിനു് നിങ്ങൾ പ്രവർത്തിക്കുന്നുണ്ടോ? കൊച്ചിയിലെ ബഹുജനങ്ങൾക്കു് സ്വാതന്ത്ര്യമുണ്ടാക്കാൻ, കൊച്ചീരാജ്യത്തു് ഗ്രാമസ്വയംഭരണം ഉണ്ടാക്കുകയും, ഉള്ളവയെ രൂപാന്തരപ്പെടുത്തുകയും ചെയ്യണം. അതിനുള്ള പദ്ധതി വിവിധോദ്ദേശപരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു്, അവയ്ക്കു ശരിയാംവണ്ണം നിർദ്ദേശങ്ങൾ കൊടുത്തു്, പ്രവർത്തിയ്ക്കണമെന്നുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനു് ഫീസ്സു് ഉണ്ടൊ?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇടംകോലുകാരുടെ ചോദ്യത്തിനു് ഈ സഭയിൽ വെച്ചില്ലാ മറുപടി പറയുക. ഫീസ്സു് വാങ്ങി കാലുമാറി പ്രസംഗിക്കുന്നതു് ചോദ്യകർത്താവിന്റെ കുത്തകയാണു്. ഞാനങ്ങിനെ ചെയ്കയില്ലെന്നു ചോദ്യകർത്താവിനുതന്നെ അറിയാം. ശരിയായി പരസ്പരസഹായസംഘങ്ങളെ നയിക്കണമെന്നു. ഇപ്പോഴത്തെ ഗവമ്മെണ്ടിനു് ഒരു നിർദ്ദേശം കൊടുക്കുകമാത്രമാണു് ഞാൻ ചെയ്യുന്നതു്. ഞാൻ എന്റെ നിവേദനം ഗവമ്മെണ്ടിന്റെ മുമ്പാകെയാണു് സമർപ്പിക്കുന്നതു്. അവർ അതനുസരിച്ചു് പ്രവർത്തിയ്ക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. സർ, ഈ കാര്യത്തെപ്പറ്റി നിങ്ങൾ വളരെ ഗൌരവമായി ആലോചിക്കണം. വിവിധോദ്ദേശപരസ്പരസഹായസംഘങ്ങൾ ശരിയാംവണ്ണം പ്രവർത്തിയ്ക്കുന്നതുകൊണ്ടുമാത്രമാണു്, നിങ്ങളെല്ലാവരും ഘോഷിക്കാറുള്ളതും എല്ലാവർക്കും ആവശ്യവുമായ സമതാസുന്ദരമായ ഒരു ജീവിതം കൊച്ചിയിലെ സാധാരണ ജനങ്ങൾക്കു് കരഗതമാകുക. പ്രസംഗത്തിൽമാത്രമല്ലാ, ഇതു് പ്രവർത്തിപ്പതിയിലും കൊണ്ടുവരണം. അതിനുള്ള ഒരു വഴിയാണു് ഈ പ്രമേയംമൂലം ആവശ്യപ്പെടുന്നതു്. ഇതിന്റെ പരിധി കുറച്ചേ വച്ചിട്ടുള്ളൂ. ഒരു പ്രത്യേക വിഭാഗക്കാരെ സംബന്ധിച്ചുമാത്രമാണു് ഇതിൽ പറയുന്നതു്. സാമുദായികസംഘങ്ങൾ ഉണ്ടാകുന്നതു് തെറ്റാണെന്നാണു് എന്റെ അഭിപ്രായം. എങ്കിലും, ഇതു് ഒരു സാമുദായികസംഘത്തിനുവേണ്ടി പറഞ്ഞിട്ടുള്ളതാണെങ്കിലും ഞാൻ അതിനെ എതിർക്കുന്നില്ല. ഓർഗനൈസർമാർക്കു് എല്ലാവരേയും വിളിച്ചുകൂട്ടി, ഈ കാര്യം പറഞ്ഞു മനസ്സിലാക്കാനാവില്ല. അതുകൊണ്ടു് കുറച്ചാളുകളെയെങ്കിലും വിളിച്ചുകൂട്ടി, അവരെ ശരിയാംവണ്ണം, ഇതിനെ സംബന്ധിച്ചു് ഉപദേശിച്ചു് അവരെക്കൊണ്ടു് പ്രവർത്തിപ്പിക്കുകയാണെങ്കിൽ ഇന്നത്തെ ജീവിതത്തോതുയർത്തുവാൻ സാധിക്കും. അതുകൊണ്ടു് ഇന്നത്തെ ഉദ്യോഗസ്ഥന്മാർ, കുറെ ആളുകളെയെങ്കിലും ഇതിന്റെ തത്വം ശരിയാംവണ്ണം പഠിപ്പിച്ചു് അവർവഴി ശരിയായ മേൽനോട്ടത്തോടുകൂടി ഈ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തുകയും, ഇതിന്റെ അവതാരകൻ കൊണ്ടുവന്നസംഗതി ഉടനടി സാധിച്ചുകൊടുക്കുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ പി. മാണി: സർ, ഈ പ്രമേയത്തെ പിൻതാങ്ങികൊണ്ടു് നാണയവിതരണ പരസ്പരസഹായ സംഘങ്ങളെക്കുറിച്ചു് രണ്ടുവാക്കു് പറയുവാൻ ഞാനും ആഗ്രഹിക്കുന്നു. ഈ സംഘങ്ങൾ കൊച്ചീരാജ്യത്തു് ആരംഭിച്ചിട്ടു് വളരെക്കാലമായിട്ടുണ്ടു്. ഇതിന്റെ ചരിത്രത്തിലേയ്ക്കു് ഒന്നു് തിരിഞ്ഞുനോക്കുകയാണെങ്കിൽ ഇതിനു് ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കു കാര്യമായി യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ലെന്നു മനസ്സിലാകും. പ്രത്യേകിച്ചു്, ഉൾനാടുകളെ സംബന്ധിച്ചിടത്തോളം ഇതു് പരസ്പരസഹായമല്ലാ പരോപദ്രവമാണു് ചെയ്തിട്ടുള്ളതു്. ഞങ്ങളുടെ ഉൾനാട്ടിൽ ഇതുമൂലം വളരെ ആളുകൾ നിർധനന്മാരായി വീടും കൂടിയും വിറ്റു് യാതൊരു രക്ഷയുമില്ലാതായി തീർന്നിട്ടുണ്ടു്. ഈ അനുഭവങ്ങൾകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു് ഇതു് നമ്മുടെ നാട്ടിനു യോജിച്ചതല്ലെന്നാണു്. ആക്ഷേപങ്ങൾ ഇല്ലാത്ത പരസ്പരസഹായ സംഘങ്ങൾ നമ്മുടെനാട്ടിൽ ഇന്നു വളരെ അപൂർവ്വമാണു്. പക്ഷേ അതെല്ലാം ഇവിടെ എടുത്തുപറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പലതിനെക്കുറിച്ചും എന

LIBRARY ARCHIVES Kerala Legislative Assembly

ഷ്ക്ക് ആക്ഷേപം പറയാൻ സാധിയ്ക്കും. വടവുകോട് എന്നു് പറയുന്ന സ്ഥലത്തു്, തിരുവിതാം കൂറിനുള്ളിൽ കിടക്കുന്ന തൊള്ളായിരത്തോളം ജനങ്ങളുള്ള ആ സ്ഥലത്തു്, ഈ സംഘത്തി ന്റെ പ്രവർത്തനംമൂലം എത്രവീടുകളാണു്, അതിന്റെ ഉദ്ദേശത്തിനു് വിരുദ്ധമായിട്ടുള്ള തു് എന്നു് ആ രാജ്യത്തു ചെന്നു് അന്വേഷിച്ചാൽ അറിയാം. എന്റെ വില്ലേജായ കണയ ന്നൂരിൽ ഇതുമൂലം അധഃപതിച്ചിട്ടുള്ള പലരേയും എനിക്കറിയാം. ഇത്തരത്തിൽ ഇതു് മു മ്പോട്ടുകൊണ്ടുപോകുന്നതു് അഭിലഷണീയമായിരിക്കുകയില്ല. ഇതിനെ മറ്റു തരത്തിൽ രൂപാ ന്തരപ്പെടുത്തേണ്ടതു് വളരെ ആവശ്യമാണു്.

ഈ പ്രസ്ഥാനത്തെ സംബന്ധിച്ചു് ഏതാനും ചില പുസ്തകങ്ങളും ഞാൻ വായിച്ചിട്ടു ണ്ടു്. അതിൽ ഒരു പുസ്തകത്തിൽ കണ്ടു, പരസ്പരസഹായസംഘം, ഏറ്റവും അഭിവൃദ്ധിപ്രാ പിച്ചിട്ടുള്ളതു്, ഡന്മാക്കിലാണെന്നു്. അവിടത്തെ ഒരു സാധാരണ കർഷകൻ, ചുരുങ്ങിയതു്, പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചു് പ്രവർത്തിയെടുക്കുന്ന മൂന്നു സംഘങ്ങളിലെങ്കിലും അം ഗമായിരിക്കുമെന്നാണു് പറയുന്നതു്. പശുക്കളെ വളർത്തുന്നതിനു് ഒരു പ്രത്യേക സം ഘം, കോഴിയെ വളർത്തുന്നതിനു് ഒരു പ്രത്യേകസംഘം, ഇങ്ങിനെ പല സംഘങ്ങളാണു്, ആ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവന്നതു്. ഈ നാട്ടിലും അതുപോലെയുള്ള സം ഘങ്ങളുടെ ആവശ്യം നമുക്കുണ്ടു് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ചു് ഒരു കാര്യമെടുത്തുനോക്കാം. ഇന്നു് ഉൾനാടുകളിൽ കൃഷിചെയ്യുണ്ടാകുന്ന വിഭവങ്ങൾ, പ ട്ടണങ്ങളിൽ കൊണ്ടുപോയി വിറ്റഴിയ്ക്കുന്നതു്, എത്രനും ചില ദല്ലാളികൾ മുഖേനയല്ലേ? ആ വിഭവങ്ങളുടെ ആദായത്തിൽ നൂറിക്കു് തൊണ്ണൂറും, എത്രനും ദല്ലാളികളല്ലേ അനുഭ വിയ്ക്കുന്നതു്? സഹകരണസംഘങ്ങൾ വഴി പ്രവർത്തിയ്ക്കുകയാണെങ്കിൽ, ഈ വിഭവങ്ങൾ, പ ട്ടണങ്ങളിലോ, മറ്റു ചന്തസ്ഥലങ്ങളിലോ, ചുരുങ്ങിയ ചിലവിന്മേൽ കൊണ്ടുപോയി വി ല്പനനടത്തി, ന്യായമായ ആദായം ഈ സാധനങ്ങൾ പണിയെടുത്തുണ്ടാക്കുന്ന ആളുകൾക്കു് കി ട്ടി അനുഭവിയ്ക്കാൻ സാധിക്കും. ഈ സംഘങ്ങൾ മറ്റേതരത്തിൽ ഒന്നു മാറ്റുകയാണെ ങ്കിൽ അതുകൊണ്ടു നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്കു് പല തൊഴിലുകളും ഉണ്ടാക്കാൻ സാധിയ്ക്കും. ഉദാഹരണമായി, കയറു വ്യവസായത്തെ സംബന്ധിച്ചു് നോക്കുക. ഇന്നു് ഏ താനും മുതലാളികൾ, ലക്ഷക്കണക്കിനു് മടലുകൾ മുടി, അതു് കുത്തകയാക്കി വച്ചുകൊ ണ്ടു്, പാവപ്പെട്ടവർക്കു് പത്തും ഇരുപതും മടൽ വീതം കൊടുത്തു്, നിസ്സാരമായ കൂലികൊ ടുത്തു് ജോലിചെയ്യിച്ചു് അതിന്റെ ആദായം മുഴുവൻ അവർ സമ്പാദിക്കുകയല്ലേചെയ്യുന്ന തു്? ഇന്നു് ൧൦൦ മടൽ ൧൫ ണ വിലയ്ക്കാണു് കൊടുക്കുന്നതു്; യഥാർത്ഥത്തിൽ ൧൦൦ മട ലിനു് നാലോ, അഞ്ചോ അണയേ, വിലവരുകയുള്ളൂ. കയറു പിരിക്കുന്ന സാധുക്കൾക്കു് പകൽ മുഴുവൻ പണിയെടുത്താൽ ഇന്നു് കിട്ടുന്നതു്, നാലോ, അഞ്ചോ അണമാത്രമാണു്. നേ രേമറിച്ചു് ഗവർമ്മെണ്ടിൽനിന്നു്, വേണ്ട ധനസഹായംചെയ്തു് കോ-ഓപ്പറേറിവു് സൊ സൈറ്റികൾ സ്ഥാപിച്ചു് മടൽവാങ്ങി പീയിച്ചു് വിതരണം ചെയ്യുന്നതായാൽ, ഇപ്പോഴ ത്തേക്കാൾ മൂന്നിരട്ടി കൂലി കൊടുക്കുന്നതിന്നും, ഈ വ്യവസായത്തെ കൂടുതൽ അഭിവൃദ്ധിപ്പെ ടുത്താനും സാധിയ്ക്കും. ഇതുപോലെ ഈ സംഘങ്ങൾക്കു പല രംഗങ്ങളിലും പ്രവർത്തിയ്ക്കാൻ സാധിയ്ക്കും. പരസ്പരസഹായസംഘങ്ങൾ വഴിയല്ലാതെ നമ്മുടെ ഉൾനാടുകളെ അഭിവൃദ്ധി പ്പെടുത്താൻ സാദ്ധ്യമല്ല. കൊല്ലത്തിൽ നാലോ, അഞ്ചോ മാസമാണു് കൃഷിക്കാർക്കു് പണിയുള്ളതു്. ഒരുകൊല്ലത്തെ സകലചിലവും, അഞ്ചുമാസത്തെ അദ്ധ്വാനത്തിൽനിന്നു് കിട്ടുന്ന ആദായംകൊണ്ടാണു് നടത്തുന്നതും. അഞ്ചുമാസത്തെ പ്രവർത്തികൊണ്ടു് കിട്ടുന്ന ഏറ്റ വും തുച്ഛമായ ആദായംകൊണ്ടാണു് ഈ പന്ത്രണ്ടുമാസവും അവർ ജീവിയ്ക്കുന്നതു്. അവർക്കു് ജോലിയില്ലാത്ത സമയങ്ങളിൽ ജോലിയുണ്ടാക്കികൊടുക്കേണ്ടതു്, ഗവർമ്മെൻറിന്റെ ചുമത ലയാണു്. അതിനു് ഗവർമ്മെൻറ് ഈവക സംഘങ്ങളെ ഏർപ്പെടുത്തുകയാണെങ്കിൽ, അതുവ ഴി പലതരത്തിലുള്ള വരുമാനങ്ങളും ഉണ്ടാക്കാൻ സാധിയ്ക്കും. ഇത്തരത്തിൽ നമ്മുടെ നാടി നെ അഭിവൃദ്ധിപ്പെടുത്താനാണു് ശ്രമിയ്ക്കേണ്ടതു്. ഈ പ്രസ്ഥാനത്തെ സാധാരണക്കാർക്കു് നന്മയുണ്ടാകുന്നതരത്തിൽ രൂപാന്തരപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കഴി യുന്നത്രവേഗം ഗവർമ്മെൻറ് ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിയ്ക്കണം എന്നഭിപ്രായപ്പെട്ടുകൊ ണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

* മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ പ്രമേയത്തിന്റെ തത്വത്തോട് ഗവർമ്മെണ്ടിന്നു് യാതൊരു വിരോധവുമില്ല. എന്നാൽ ഈ പ്രമേയം അവതരിപ്പിച്ചതിന്നു ശേഷം അതി നെ അനുകൂലിച്ചു പ്രസംഗിച്ച ചില ആളുകളുടെ അഭിപ്രായത്തെ സംബന്ധിച്ചു സല്പമൊ

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. R. Iyyunni

ന്നു പറയണമെന്നു് ആഗ്രഹിക്കുന്നു. ഒന്നാമതായിട്ടു പറയുകയാണെങ്കിൽ ഈ കൊല്ലത്തിൽ തന്നെ നൂറിൽ ചിലപ്പാനം പരസ്പരസഹായ സംഘങ്ങളും പുതിയതായിട്ടു് ഉണ്ടായിട്ടുണ്ടെന്നുള്ളതാണു്. ഇതു് സാധാരണയായി മുൻ കൊല്ലങ്ങളിൽ ഉണ്ടാകാവുള്ള സംഘങ്ങളെ അപേക്ഷിച്ചു് എണ്ണം കൊണ്ടു് തുലോം കൂടുതലാണു് എന്നു് പറയാതെ നിവൃത്തിയില്ല. അതിനും പുറമെ ഈ അടുത്ത കാലത്തായിട്ടു് അഞ്ചുപേരെ ഓഡ്ഡിനെസ്സേഴ്സായിട്ടു് കോ-ഓപ്പറേറ്റീവു് ഡിപ്പാർട്ടുമെണ്ടിലേക്കു് നിയമിച്ചിട്ടുണ്ടു്. അവർ ഈ ജോലിയിൽ പ്രവേശിച്ചിട്ടു് ഒരു മാസമോ, ഒന്നരമാസമോ ആയിട്ടുണ്ടാകും. അതിന്നിടയിൽ അവർ ജോലിക്കു് പ്രാപ്തന്മാരല്ലെന്നോ, കൊള്ളരുതാത്തവരാണെന്നോ പറയുവാനുള്ള കാലമായിട്ടില്ല. അവർ ജോലിയിൽ പ്രവേശിച്ചിട്ടു് ഒരു മാസമേയായിട്ടുള്ളൂ. അവരുടെ സാമ്പ്രതികം അതാണെന്നു് നിർണ്ണയിക്കുന്നതിനുള്ള കാലമായിട്ടുണ്ടെന്നു് വടക്കാഞ്ചേരി മെമ്പർക്കു് തോന്നുന്നുണ്ടെങ്കിൽ അതിൽ എനിക്കു് അഭിപ്രായവ്യത്യാസമുണ്ടെന്നു് മാത്രമേ പറയുവാനുള്ളൂ. പരസ്പരസഹായസംഘം മൂലം രാജ്യത്തിന്നു് വളരെ അഭിവൃദ്ധിപ്പെടാൻ സാധിക്കുമെന്നുള്ള കാര്യം ഗവർമ്മേണ്ടിനു് സ്വീകാര്യമാണു്. എന്നാൽ ഗവർമ്മേണ്ടു് തന്നെ ഈ കാര്യത്തിൽ എന്തുതന്നെ പ്രവൃത്തിച്ചാലും പരസ്പരസഹായസംഘം അഭിവൃദ്ധിപ്പെടുമെന്നു് വിചാരിക്കുന്നുണ്ടെങ്കിൽ അതു് തെറ്റായ ഒരു ധാരണയാണു്. ഓരോ സംഘവും നടത്തികൊണ്ടു പോകേണ്ടതു് ഈ രാജ്യത്തിലെ സംഘങ്ങളും തന്നെയാണെന്നു് ഞാൻ പറയാതെതന്നെ അറിയാമല്ലോ. ഈ സ്ഥാപനം മുഖാന്തിരം വ്യാപാരമോ, മറ്റു കൈത്തൊഴിലുകളോ അതാതിന്റെ നിലയനുസരിച്ചു് നടത്തപ്പെടുന്നതായാൽ അതു് വളരെ നന്നായിരിക്കുമെന്നുള്ളതു് വളരെ തീർച്ചയാണു്. എന്നാൽ അങ്ങിനെ നടത്തുമ്പോൾ അതിനെ നിയന്ത്രിക്കുന്നതിനും മറ്റും ഗവർമ്മേണ്ടിന്റെ ശ്രദ്ധയും, മേൽ നോട്ടവും ആവശ്യമുണ്ടെങ്കിൽ ഗവർമ്മേണ്ടു് അതു ആലോചിക്കേണ്ടതാണു്. അതല്ലാതെ ഈ കാര്യവും ഗവർമ്മേണ്ടിൽതന്നെ അടിച്ചേൽപ്പിച്ചു് ചെയ്യുന്നതായാൽ പരസ്പരസഹായ സംഘത്തിന്നു് മേൽഗതിയുണ്ടാകുമെന്നു് വിചാരിക്കുവാനുള്ള മൌഢ്യം എനിക്കില്ല. എന്താണെന്നു വെച്ചാൽ ഈ സംഘങ്ങളും നടത്തികൊണ്ടു പോകേണ്ടതു് ജനങ്ങളാണു്. അവക്കു് എന്തു ആവശ്യത്തിന്നായിട്ടു് അതു് തുടങ്ങിയിരിക്കുന്നുവോ, ആ ഉദ്ദേശം സാധിക്കുന്നതിന്നുവേണ്ടി വേറെ വല്ലതും പ്രവൃത്തിക്കുവാൻ ആത്യാവശ്യമായ സഹായം ചെയ്തുകൊടുക്കുകയെന്നുള്ളതല്ലാതെ എല്ലാ കാര്യങ്ങളും ഗവർമ്മേണ്ടിന്റെ മേൽ നോട്ടത്തിൽ കൊണ്ടുവരുവാൻ സാധിക്കുമെന്നുള്ള വിചാരം തീർച്ചയായിട്ടും ഗവർമ്മേണ്ടിന്നില്ല. അതു് സാദ്ധ്യവുമല്ല. അതിൽ പറയുന്ന കാര്യങ്ങളും വളരെ നല്ലതാണു്. പരസ്പരസഹായസംഘങ്ങളെ മറ്റു വിധത്തിൽ കാർഷികമായോ, വ്യാവസായികമായോ രൂപാന്തരപ്പെടുത്തുന്നതു് തീർച്ചയായിട്ടും നല്ലതാണു്. അതിന്നു വേണ്ടി ഗവർമ്മേണ്ടിൽനിന്നും എന്തു സഹായമാണു് വ്യക്തികൾക്കു് വേണ്ടതെന്നു്, വെച്ചാൽ അതു് ചെയ്തുകൊടുക്കേണ്ടതു് ഗവർമ്മേണ്ടിന്റെ ചുമതലയാണു്. ഒരു അധ:കൃതനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒരുപക്ഷെ ഇതുകൊണ്ടു് പണം ഉണ്ടാക്കുന്നതിന്നു് സാധിച്ചില്ലെന്നു് വരാം. മറ്റൊന്നു് എതുവിധത്തിലാണു് നടത്തികൊണ്ടു പോകേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചു് വേണ്ട നിർദ്ദേശം കൊടുക്കുന്നതിനു് ഗവർമ്മേണ്ടു് സദാ തയ്യാറായിരിക്കേണ്ടതാണു്. ഇതു് നടത്തികൊണ്ടു് പോകുന്ന ആളുകൾക്കു് പണമുണ്ടാക്കി അവരുടെ കുടുംബം പുലർത്തികൊണ്ടുപോകേണ്ടവരും ഉണ്ടാകും. ചിലർക്കു് ശരിയായി നടത്തിക്കൊണ്ടു പോകുന്നതിനു് സമയവും, സൌകര്യവും ഉണ്ടായിയെന്നു വരികയില്ല. ഗവർമ്മേണ്ടിൽനിന്നും ഇതിന്നുവേണ്ടി സെക്രട്ടറിയെന്ന നിലയ്ക്കോ, മറ്റുവിധത്തിലുള്ള ധനസഹായമോ ചെയ്തുകൊടുക്കുകയല്ലാതെ, അധ:കൃതരായിട്ടുള്ള ആളുകൾക്കു് പ്രത്യേകമായി ഒരു കോ-ഓപ്പറേറ്റീവു് സൊസൈറ്റി വെക്കുകയെന്നുള്ളതു് സാദ്ധ്യമല്ല. അതുപോലെതന്നെ ഒരു വ്യവസായമോ വ്യാപാരമോ ഗവർമ്മേണ്ടിൽനിന്നും ഈ കാര്യത്തിന്നുവേണ്ടി നടത്തുവാനും സാദ്ധ്യമല്ല. ഇതു് നല്ല നിലയിൽ നടത്തികൊണ്ടു് പോകണമെന്നു് ആഗ്രഹമുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനു് ഗവർമ്മേണ്ടു് തയ്യാറാണു്. ഇതിന്റെ തത്വത്തോടു് ഗവർമ്മേണ്ടു് തീർച്ചയായിട്ടും അനുകൂലിക്കുന്നുണ്ടു്. അതു് ഏതേതു വിധത്തിലാണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി മാത്രമേ ആലോചിക്കേണ്ടതുള്ളൂ. അതുകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു ഗവർമ്മേണ്ടിനു് യാതൊരു തടസ്ഥവുമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ : സർ, ഈ പ്രമേയത്തിന്റെ തത്വത്തെ ഗവർമ്മേണ്ടു് അംഗീകരിച്ചിട്ടുള്ളതിൽ ഗവർമ്മേണ്ടിനെ അഭിനന്ദിക്കുന്നു. ഈ വിധത്തിലുള്ള അംഗീകരണം ഇതിനു മുമ്പും ഉണ്ടായിട്ടുണ്ടെന്നു് എനിക്കറിയാം. ബഹുമാനപ്പെട്ട ടി. കെ. നായർ അ

LIBRARY ARCHIVES Kerala Legislative Assembly

വർകും ഒരു കാലത്തു് ഇതിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രിയായിരുന്നപ്പോൾ, അദ്ദേഹത്തിന്റെ അടുത്തു് ഒരു ഡെപ്യൂട്ടേഷൻ പോവുകയും, ഇതിനെ സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ഇന്നു മന്ത്രിയാണു്. ഇന്നു് അദ്ദേഹം ഇവിടെ ഹാജരുണ്ടായിരുന്നുവെങ്കിൽ ആ കാര്യം അദ്ദേഹം കാര്യമായിട്ടു നോക്കുമായിരുന്നു. അന്നു ഞങ്ങൾ സമർപ്പിച്ചിരുന്ന മെമ്മോറാണ്ടത്തിൽ ഈ സംഗതി പ്രത്യേകം പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹവും അന്നു് ഈ തത്വം സ്വീകരിച്ചിട്ടുള്ളതാണു. എന്നാൽ അതു് ഇതുവരെ പ്രയോഗത്തിൽ വന്നിട്ടില്ല. അതുകൊണ്ടു് എന്തെങ്കിലും ഒരു ഗ്രാന്റു ചോദിക്കുകയെന്നു് വരുന്നതു് അക്രമമായിട്ടുള്ള ഒരു കാര്യമാണെന്നു് ഗവർമ്മേണ്ടു് വിചാരിക്കുന്നുണ്ടെങ്കിൽ അതു് പരമാബദ്ധമാണു്. ഇതു് വലിയ പ്രയാസമുള്ള സംഗതിയാണെന്നു് തോന്നുന്നില്ല. ഗവർമ്മേണ്ടിന്റെ ആത്മാർത്ഥത തെളിയേണ്ടതു്, അവരുടെ പ്രവൃത്തികളിൽനിന്നാണെന്നു് ഉന്നിപറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതായ മറുപടി ഒരു തിരുത്തിയാൽ തരക്കേടില്ലെന്നാണു് തോന്നുന്നതു്. ഗ്രാമോദ്ധാരണം എന്നു പറയുന്നതു് അധഃകൃതരെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. സാമാന്യജനങ്ങളെ എല്ലാവരേയും ബാധിക്കുന്ന ഒരു കാര്യമാണു്. ഇതു് സാമാന്യ ജനങ്ങളുടെ പ്രശ്നത്തിൽ ഉൾപ്പെടുന്നില്ലെന്നുള്ള വിഭാവനത്തിനു് ഈ പ്രമേയം ഇടകൊടുക്കുന്നില്ല. ഇത്രമാത്രമാണു് എനിക്കു് ഇതിനെക്കുറിച്ചു് പറയുവാനുള്ളതു്. ബഹുമാനപ്പെട്ട ഗവർമ്മേണ്ടു് ഈ പ്രമേയതത്വം ഉടനെ നടപ്പിൽ വരുത്തണമെന്നു് എനിക്കു ശക്തിയായി ഉൽബോധിപ്പിക്കുവാനുണ്ടു്. ഇതുയും പറഞ്ഞുകൊണ്ടു് ഈ പ്രമേയത്തെ സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Resolution by leave with drawn

RESOLUTON No. 8.

Necessity to equip Taluk Head-quarter Hospitals properly for up-to-date treatment

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: "Mr. President, I move that this Council recommends to Government that the Taluk Head Quarter Hospitals be equipped for up-to-date treatment in all the Departments of medicine."

It is a very simple proposition which requires no argument to support it. What is demanded through this resolution is that the Headquarters of each Taluk which are very small in number—5 or 6 institutions—be equipped for treatment in all the Departments of medicine. That none of them except the one at Ernakulam is equipped well and equipped for treatment in all the departments of medicine will not be disputed. That proposition will not be denied. Even at Ernakulam—in the General Hospital—the authorities ought to know that the arrangements for treatment in certain departments of medicine are either non-existent or defective. For persons who know it the same is not necessary; for persons who do not want to know anything said by me will not be useful. Leaving the Head-quarters Hospital, and next the Trichur institution in other places like Vadakkancheri, Irinjalakkuda, Chittur, Cranganur, these places, persons who know the condition of the Hospitals there can understand the reasonableness of the demand that is contained in this resolution. True, when compared to other parts of India, we under a benign Government of the earlier days have been able—are blessed I may say—with hospitals more in number than in many other places. We are very grateful for whoever has been responsible to supply us with these. But the demand, Sir, is that, as far as possible the equipment of these hospitals is concerned, most important departments of medicine in most of these ones that I mentioned, Chittur, Vadakkancheri, Irinjalakkuda and Chittur—that is defective. If the Government will not be pleased to look into the substance of the demand and want only to find out arguments to be advanced against the acceptance of these propositions, plenty there are in the shape of arguments. But if the heart is there, if the keen desire to do what they are here for the present, my resolution, I am sure, ought to be accepted. I hope though the Hon'ble Minister for Public Health is unfortunately not to be seen in his seat, those who are in charge for the time being will rise equally to the occasion and inform the public of Cochin that their heart throbs with the suffering public in those places and at least to show that and after making them to understand that they are prepared to follow it up by action I expect, I pray that the Government be pleased to accept my proposition, Sir, I move.

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly